"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് -മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കണിച്ചാർ ഗ്രാമ പഞ്ചായത്തിൽ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ ആകെ ചെലവഴിക്കാവുന്ന തുകയുടെ പരിധിയിൽ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.200/2024/LSGD തീയതി,തിരുവനന്തപുരം, 24-01-2024

---

പരാമർശം:- 1. സർക്കുലർ നം.ഡി.ഡി.2/355/2022/ത.സ്വ.ഭ.വ തീയതി 22.10.2022

2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 23.11.2023 ലെ NREGA/1322/2023-C3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2023-24 സാമ്പത്തിക വർഷം നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾക്കും പ്രളയ പ്രതിരോധ പ്രവർത്തനങ്ങൾക്കും, വ്യക്തിഗത ആനുകൂല്യങ്ങൾക്കും ഊന്നൽ നൽകുന്നതിനാൽ റോഡ്, നടപ്പാത തുടങ്ങിയ പ്രവൃത്തികളുടെ ചെലവ്, ഒരു പഞ്ചായത്തിന്റെ ആകെ ചെലവിന്റെ 10 ശതമാനത്തിൽ അധികരിക്കാൻ പാടുള്ളതല്ല എന്ന് പരാമർശം (1) സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

2. എന്നാൽ, കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ 2022-ൽ ഉണ്ടായ ഉരുൾപൊട്ടലിലും പ്രകൃതി ക്ഷോഭത്തിലും ആദിവാസി കോളനികൾ ഉൾപ്പെടുന്ന വാർഡുകളിലെ റോഡുകൾ തകർന്നതായും ടി റോഡുകൾ പുനർനിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ തനത് ഫണ്ട് അപര്യാപ്തമായതിനാൽ പ്രസ്തുത റോഡുകൾ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഏറ്റെടുത്ത് പുനർ നിർമ്മിക്കുന്നതിന് മേൽ പറഞ്ഞ നിബന്ധന ഒഴിവാക്കി പ്രത്യേക അനുമതി ലഭ്യമാക്കണമെന്നും കണിച്ചാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും മേൽ സാഹചര്യത്തിൽ പ്രകൃതി ദുരന്തത്തിൽ റോഡുകൾ തകർന്നതും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ആവശ്യം എന്നതിനാലും ഈ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് ടി ആൾക്കാരുടെ ഊരുകളിലേക്കുള്ള റോഡുകൾ മാത്രം പുനർനിർമ്മിക്കണമെന്ന വ്യവസ്ഥയോടെ, കണിച്ചാർ ഗ്രാമപഞ്ചായത്തിന് പരാമർശം (1) സർക്കുലറിലെ മേൽ പറഞ്ഞ വ്യവസ്ഥയിൽ ഇളവ് അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം മിഷൻ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രകൃതി ദുരന്തത്തിൽ ആദിവാസി കോളനികൾ ഉൾപ്പെടുന്ന വാർഡുകളിലെ റോഡുകൾ തകർന്ന സാഹചര്യം കണക്കിലെടുത്ത്, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഇളവ് ഉപയോഗപ്പെടുത്തുന്നത് ടി ആൾക്കാരുടെ ഊരുകളിലേക്കുള്ള റോഡുകൾ പുനർനിർമ്മിക്കാൻ മാത്രമായിരിക്കണം എന്ന വ്യവസ്ഥയോടെ, കണിച്ചാർ ഗ്രാമപഞ്ചായത്തിൽ

തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ റോഡ്, നടപ്പാത തുടങ്ങിയവയുടെ നിർമ്മാണത്തിന് ആകെ പദ്ധതി ചെലവിന്റെ 20% തുക വരെ വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

4. ഇപ്രകാരം തുക ചെലവഴിക്കുമ്പോൾ സാധന ഘടകത്തിന്റെ തുക ആകെ പദ്ധതിച്ചെലവിന്റെ 40%-ൽ അധികരിക്കാൻ പാടില്ല എന്ന നിബന്ധന കർശനമായി പാലിക്കേണ്ടതും ഗാർഹിക കമ്പോസ്റ്റ് പിറ്റുകൾ, സോക് പിറ്റുകൾ എന്നിവ കുറഞ്ഞത് 500 എണ്ണമെങ്കിലും ഈ സാമ്പത്തിക വർഷം നിർമ്മിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണം,തിരുവനന്തപുരം
മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
സെക്രട്ടറി/പ്രസിഡന്റ്, കണിച്ചാർ ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 25-01-2024 10:38:16
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്